പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം2026

07.12.2015 ൽ
മറുപടിയ്ക്ക്

# രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി) |
| എ) രാജീവ് ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്കുവേണ്ടി വാങ്ങിയ വിമാനം പറത്താനാവാത്ത സാഹചര്യത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) വിമാനം പറത്താനാവാത്ത സാഹചര്യം തരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | ബി) വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ Airworthiness Certificate ലഭിക്കാത്തതുകൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തത്. Airworthiness Certificate ലഭിക്കുന്നതിനുവേണ്ടി വിമാനത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ നിഷ്കർഷിക്കുന്ന ചില പരിശോധനകൾ നടത്തേണ്ടതായിട്ടുണ്ട്. ഇത് നടക്കണമെങ്കിൽ ആദ്യം രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിന് അക്കാഡമി പുതിയതായി നിർമ്മിച്ച ഹാംഗർ പ്രവർത്തനക്ഷമമാകണം. പുതിയ ഹാംഗറിൽ നിന്നും വിമാനങ്ങൾ എയർപോർട്ടിലേയ്ക്ക് പറക്കുന്നതിനുവേണ്ടിയുള്ള പ്രവേശനകവാടം സുരക്ഷാ കാരണങ്ങളാൽ Airports Authority of India നാളിതുവരെ തുറന്നു തന്നിട്ടില്ല. ഇത് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കുന്നത് വൈകാൻ കാരണമാകുന്നു. Airports Authority of India നിഷ്കർഷിക്കുന്ന സുരക്ഷാ സജ്ജീകരണങ്ങൾ അക്കാഡമി ത്വരിതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പുതിയ ഹാംഗറിൽ നിന്ന് എയർപോർട്ടിലേയ്ക്ക് വിമാനങ്ങൾ പ്രവേശിക്കാനുള്ള അനുമതി ലഭിച്ചാലുടൻ വിമാനത്തിന് Airworthiness Certificate ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതമാക്കി വിമാനം പറക്കലിന് സജ്ജമാക്കുന്നതാണ്. |

| | |
|---|---|
| സി) പൈലറ്റ് നിയമനകാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | സി) പൈലറ്റിനെ നിയമിക്കുന്നതിനുവേണ്ടി അക്കാദമി നോട്ടിഫിക്കേഷൻ നൽകിക്കഴിഞ്ഞു. യോഗ്യരായ അപേക്ഷകരിൽ നിന്നും പൈപ്പർ വിമാനത്തിന്റെ പരിശീലകനെ ഉടൻ തന്നെ നിയമിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.